ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള ഡയറി യൂണിറ്റുകൾ സംസ്ഥാനത്ത് വിപണനം നടത്തുന്ന പായ്ക്ക്ചെയ്ത പാലിന്റെ രാസപരിശോധന, മായം ചേർക്കൽ എന്നിവ ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കണ്ട്രോൾ യൂണിറ്റുകളിലും സ്റ്റേറ്റ് ഡയറി ലാബോറട്ടറിയിലും പരിശോധിക്കുന്നുണ്ട്;

(ബി) ഉണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള ബ്രാന്റുകൾ പരിശോധിച്ചതിൽ അപാകതകൾ കണ്ടെത്തിയ ബ്രാന്റുകളുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു.† അനന്തര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടറോടു ആവശ്യപ്പെട്ടിട്ടുണ്ട്.

പാൽ വിതരണ ഏജൻസികൾ

95 [429] *ശ്രീ. രാജു എബ്രഹാം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ക്ഷീരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മിൽമ കൂടാതെ പാൽ വിതരണം നടത്തുന്ന മറ്റ് ഏജൻസികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) തമിഴ്നാട്ടിലെ ഏതൊക്കെ പാൽ വിതരണ ഏജൻസികൾക്കാണ് കേരളത്തിൽ വിതരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ ഗുണമേന്മ അറിയുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) മറ്റു സംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാൽ ശരീരത്തിനു ഹാനികരമായ പല രാസവസ്തുക്കളും അടങ്ങിയിട്ടുണ്ട് എന്ന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഗുണനിലവാരമുള്ള പാൽ കൊണ്ടുവരുന്നതിന് എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മിൽമ കൂടാതെ 50-ഓളം ബ്രാന്റുകൾ കേരളത്തിൽ പാൽ വിതരണം ചെയ്യപ്പെടുന്നു. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള നിയമപ്രകാരം ക്ഷീരവികസന വകുപ്പിൽനിന്നും പ്രത്യേകം വിതരണാനുമതി ആവശ്യമില്ല.

(സി) ക്ഷീരവികസന വകുപ്പിന്റെ ജില്ലാതല ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളിലും സ്റേറ്റ് ഡയറി ലബോറട്ടറിയിലും വിപണിയിൽ ഉള്ള പായ്ക്ക് ചെയ്ത പാലിന്റെ ഗുണമേൻമ പരിശോധിക്കുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) കേരള സംസ്ഥാന ക്ഷീരവിപണന ഫെഡറേഷൻ അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

നഗരപ്രദേശങ്ങളിലെ വീട്ടമ്മമാർക്കായി മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

96 [433] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ വീട്ടമ്മമാർക്ക് സ്വയം തൊഴിലിലൂടെ വരുമാന വർദ്ധനവിനുവേണ്ടി മൃഗസംരക്ഷണവകുപ്പ് മുഖേന നേരിട്ട് നടത്തുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) നഗരപ്രദേശങ്ങളിൽ ആടുവളർത്തലിന് പ്രോത്സാഹനം നൽകുന്ന പുതിയ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നഗരപ്രദേശങ്ങളിലെ ഇടത്തരം വരുമാനക്കാരായ സ്ത്രീകൾക്ക് വേണ്ടി നല്ലയിനം മുട്ടക്കോഴിയും കോഴിക്കുഞ്ഞുങ്ങളും വിതരണം ചെയ്യുന്ന പുതിയൊരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണവകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ചില പരിപാടികൾ നടത്തുന്നുണ്ട്.

GPM. 2/360/2012.—19

LIBRARY ARCHIVES Kerala Legislative Assembly